# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.468 — 26.04.2017-ൽ മറുപടിയ്ക്ക്

## സംസ്ഥാന സർക്കാരിന്റെ ഭാഗ്യക്കുറി വകുപ്പ് നേരിടുന്ന പ്രശ്നങ്ങൾ

| | ചോദ്യം<br><br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ. കെ.ആൻസലൻ<br>ശ്രീ. കെ.ബാബു | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ ഭാഗ്യക്കുറി, കേന്ദ്രസർക്കാരിന്റെ നിഷേധാത്മകനയങ്ങൾകൊണ്ടു ഭീഷണി നേരിടുന്നതായ ആക്ഷേപം പരിഹരിക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ഏതു വിധത്തിലുള്ള ഇടപെടലുകൾ ആണ് ഉദ്ദേശിക്കുന്നതെന്നു അറിയിക്കാമോ; | (എ) | കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ജി.എസ്.ടി നിയമം സംസ്ഥാന ഭാഗ്യക്കുറിയ്ക്ക് ഭീഷണിയാണ്. ടി നിയമം നടപ്പിലാക്കി കഴിയുമ്പോൾ പരിശോധിച്ച് സംസ്ഥാന ഭാഗ്യക്കുറിയെ സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതാണ്. ജി.എസ്.ടി നടപ്പിലാകുന്ന സാഹചര്യത്തിൽ ഭാഗ്യക്കുറി മേഖലയിൽ ഉളവാകുന്ന സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി കേന്ദ്ര ധനമന്ത്രിയെ സംസ്ഥാന ധനമന്ത്രി നേരിൽ കണ്ട് ചർച്ച നടത്തിയിട്ടുണ്ട്. |
| (ബി) | സേവന നികുതി ഒഴിവാക്കി കിട്ടുന്നതിനും അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്താൻ അനുമതി നൽകാതിരിക്കാനും കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നോ; പ്രതികരണം എന്തായിരുന്നെന്ന് അറിയിക്കാമോ; | (ബി) | നോട്ട് നിരോധനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് നോട്ട് ക്ഷാമം രൂക്ഷമായ സമയത്ത് (09.11.2016 മുതൽ 31.12.2016 വരെ) ലോട്ടറി ടിക്കറ്റുകളിൻമേലുള്ള സേവന നികുതി ഒഴിവാക്കിത്തരണമെന്ന് കാണിച്ച് 30.11.2016-ലെ നമ്പർ:1039981/എച്ച്.1/16/റ്റി.ഡി. പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിനാൻസ്, സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യു, ചെയർമാൻ, സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് & കസ്റ്റംസ് എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതുമാകുന്നു. അതുകൂടാതെ എം.പി.മാരുടെ കോൺഫറൻസിൽ ഇക്കാര്യം നിരന്തരം ഉന്നയിച്ചിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള അധികാരവും |

| | | | |
|---|---|---|---|
| | | | ലോട്ടറി (റെഗുലേഷൻ) ആക്ടിന്റെ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരവും സംസ്ഥാന ഗവൺമെന്റിന് നൽകുംവിധം കേന്ദ്ര ലോട്ടറി (റെഗുലേഷൻ) റൂൾ 2010-ലും കേന്ദ്ര ലോട്ടറി (റെഗുലേഷൻ) ആക്ട് 1998-ലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നത് ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. ഇതിനൊന്നും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. |
| **(സി)** | ഭാഗ്യക്കുറിയുടെ സമ്മാനഘടന ആകർഷകമാക്കുന്നതിനും ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | **(സി)** | ഭാഗ്യക്കുറി ഏജന്റുമാരുടെയും ഈ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും ടിക്കറ്റ് വില്പനയെ സഹായിക്കുന്നതരത്തിലും, സർക്കാർ തീരുമാനത്തിന് വിധേയമായി പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കാറുണ്ട്. 30/- രൂപ മുഖവിലയുള്ള പൗർണമി, വിൻ വിൻ ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ 2016 നവംബർ മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി ഏറ്റവും ഒടുവിലായി പരിഷ്കരിച്ചിട്ടുണ്ട്.<br>21.04.2017-ലെ ഭാഗ്യനിധി 286-ാമത് നറുക്കെടുപ്പ് മുതൽ പ്രസ്തുത ഭാഗ്യക്കുറി റദ്ദ് ചെയ്തു കൊണ്ടും ഭാഗ്യനിധിക്ക് പകരമായി നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയെ നിലവിലുള്ള മുഖവിലയോടും (രൂ.50/-) സമ്മാനഘടനയോടും കൂടി പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21.04.2017 മുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും 25.03.2017-ലെ സ.ഉ.(സാധാ)നം.237/ 2017/നി.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br>കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് മുഖേന 2016-ലെ ഓണം ബോണസ് ഇനത്തിൽ 17 കോടി രൂപ വിതരണം ചെയ്തു. ഓണം ബോണസ് ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി 23.5 കോടി രൂപ 2016-17-ൽ ചെലവഴിച്ചു. പുതിയ ക്ഷേമ പദ്ധതികളായ അംഗപരിമിതർക്കുള്ള മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ വിതരണപദ്ധതി, അംഗങ്ങൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി എന്നിവ നടപ്പാക്കലിന്റെ പ്രാരംഭ ഘട്ടത്തിലാണ്. അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**